MR. KANNARA GOPALA PANICKER : ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ഉപ്പുവ്യവസായം ഏതു തരത്തിലാണ് നടത്തുന്നതെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ആ സ്ഥലങ്ങളിൽ ഉപ്പുവ്യവസായം നടത്തുന്നില്ല.

പ്രൈവറ്റു ബസ്സ് സർവീസുകൾ.

* 288. MR. MOHAMMED MUSTAFA: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) 50 മൈലിൽ അധികം ദൈർഘ്യമുള്ള ഏതെല്ലാം ലൈനുകളിലാണ് ഇപ്പോൾ പ്രൈവറ്റു ബസ്സ് സർവീസുകൾ നടക്കുന്നത് എന്നു പ്രസ്താവിക്കുമോ ?

(ബി) ആ ലൈനുകൾ ഗവണ്മെന്റു ഏറ്റെടുക്കാതിരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ?

HON'BLE MR. K. R. ELANKATH : (എ) 50 മൈലിൽ അധികം ദൈർഘ്യമുള്ള ലൈനുകളിൽ പ്രൈവറ്റു ബസ്സുകൾ ഓടുന്നുണ്ട്. അതിന്റെ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) പ്രത്യേക കാരണം ഒന്നുമില്ല.

MR. MOHAMMED MUSTAFA : സ്റ്റേറ്റുമെന്റ് വായിച്ചാൽ കൊള്ളാം.

HON'BLE MR. K. R. ELANKATH : വളരെ സമയമെടുക്കും എങ്കിലും വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIST OF ROUTES COVERING 30 MILES AND ABOVE.

	Route.	*Distance— Approximate in miles.*
1.	Kottayam–Kumili	70
2.	Kottayam–Alwaye	57
3.	Kottayam–Bonami	54
4.	Kottayam–Mundakayam	33
5.	Kottayam–Devicolam	102
6.	Kottayam–Erumeli	33
7.	Kottayam–Kozhencherry	38
8.	Kottayam–Thodupuzha	34
9.	Perumbavoor–Munnar	62
10.	Kothamangalam–Munnar	50
11.	Alwaye–Munnar	72
12.	Vaikom–Thodupuzha	38
13.	Changanacherry–Mundakayam	37
14.	Changanacherry–Erumali *via* Manimala	30
15.	Munnar–Chinnar–Udumalpet	36
16.	Kayamkulam–Punalur	35
17.	Kayamkulam–Mallappally	30
18.	Punalur–Ranni	35
19.	Kayamkulam–Kottarakara	32
20.	Ranny–Kottayam	31
21.	Kalliserry–Erumali	30
22.	Cherukolpuzha–Punalur	30
23	Punalur–Mundakayam *via* Pathanamthitta	70
24.	Chengannur–Periyar	72
25.	Punalur–Vadaserikara	30
26.	Chengannur–Punalur	35
27.	Alleppey–Quilon	54
28.	Ranni–Thattarambalam	35
29	Alleppey–Kozhencherry	60
30.	Quilon–Mavelikara	30
31.	Thiruvella–Bonami	59
32.	Kayankulam–Oyoor	38
33.	Ambalapuzha–Karunagapally	30
34.	Chavara–Pathanamthitta	35
35.	Warkala–Palode	32
36.	Nagercoil–Tinnevelly	48
37.	Nagercoil–Aramboly–Papanasam	60
38.	Cape–Anjugrammam–Tinnevelly	48
39.	Shencottah–Shencottah Frontier enroute Tinnevelly	50
40.	Shencottah–Shencottah Frontier enroute Nanguneri	59
41.	Cape–Anjugramam enroute Papanasom	58
42.	Cape–Anjugramam–Panagudy–Palamcottah	48

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഈ ലൈനുകളിൽ, ഗവണ്മെൻറ് ട്രാൻസ്പോർട്ട് സർവീസാരംഭിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : എല്ലാ ലൈനുകളും ഉടനടി ഗവണ്മെൻറ് ഏറ്റെടുക്കുന്നതു് അത്ര പ്രായോഗികമല്ല.

MR. CHERIYAN J. KAPPAN (*Meenachil III—General*) : പുതിയ ലൈനുകൾ തുറക്കുന്നതിനു പ്രത്യേക അടിസ്ഥാനമുണ്ടോ?

HON'BLE MR. K. R. ELANKATH : പ്രത്യേകാടിസ്ഥാനമൊന്നുമില്ല. റോഡുകളുടേയും സ്ഥലങ്ങളുടേയും പ്രാധാന്യം അടിസ്ഥാനപ്പെടുത്തിയാണു സാധാരണ ചെയ്യുന്നതു്.

MR. MOHAMMED MUSTAFA : ലാംഗ് ലൈനുകൾക്കാണോ മുൻഗണന കൊടുക്കുന്നതു്.

HON'BLE MR. K. R. ELANKATH : അതും ഒരു പ്രധാന പരിഗണനയാണു്.

MR. CHERIYAN J. KAPPAN : യാത്രക്കാരുടെ ആവശ്യം എങ്ങനെയാണു നിർണ്ണയിക്കുന്നതു്?

HON'BLE MR. K. R. ELANKATH : സ്ഥലനിവാസികളുടേയും യാത്രക്കാരുടെയും നിവേദനങ്ങളും അവയെ ആസ്പദമാക്കിയുള്ള അന്വേഷണങ്ങളും മൂലം.

MR. S. KUTTAN : നിരുവിതാംകൂറിലുള്ള മെയിൻ റോഡുകളിൽ ഇതിനകം എത്ര മൈൽദൂരം ട്രാൻസ്പോർട്ടുസർവീസു നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനി എത്ര മൈൽകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പറയാമോ?

HON'BLE MR. K. R. ELANKATH : എം. സി. റോഡിലാണെങ്കിൽ നാഗർകോവിൽ മുതൽ കോട്ടയംവരെ സർവ്വീസു നടപ്പിലാക്കിയിട്ടുണ്ടു്. കൂടാതെ പല സ്ഥലങ്ങളിലും എക്സ്പ്രസ്സു സർവീസുകൾ ഇട്ടിട്ടുണ്ടു്. ആകെയുള്ള നാഴികയുടെ കണക്കു് ഇപ്പോൾ കൈവശമില്ല.

MR. ABDUL RAZAAK (*Nedumangad I—Muslim*) : May I know, do the Government propose to monopolises the Nagercoil-Tinnevelly route?

HON'BLE MR. K. R. ELANKATH : അതിനു ഈ ഗവണ്മെൻറുമാത്രം വിചാരിച്ചാൽപോരാ.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഇപ്പോൾ സർവ്വീസുകൾ ഇടാത്ത ലൈനുകളിൽ ആലപ്പുഴ-കൊല്ലം ലൈനിൽ ഇട്ടിരിക്കുന്നതുപോലെയുള്ള എക്സ്പ്രസ് സർവ്വീസുകൾ ഇടാൻ സാധിക്കുമായില്ലേ?

HON'BLE MR. K. R. ELANKATH : ആലപ്പുഴ-കൊല്ലം ലൈനിൽ എക്സ്പ്രസ് സർവ്വീസ് ഇട്ടതുപോലെ ചില സ്ഥലങ്ങളിൽ എക്സ്പ്രസ് സർവ്വീസുകൾ ഇട്ടിട്ടുണ്ട്. കോട്ടയം-ആലുവാ, അതിന് ഒരു ഉദാഹരണമാണ്.

MR. P. T. CHACKO: കോട്ടയം-കുമിളി എക്സ്പ്രസ് സർവ്വീസുണ്ടോ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. P. T. CHACKO : കോട്ടയത്തുനിന്നും തുടങ്ങുന്ന ഏതെങ്കിലും ലൈനുകൾ പ്രധാനപ്പെട്ട റൂട്ടാണെന്ന ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : മിക്കവാറും എല്ലാ റൂട്ടുകളും പ്രധാനപ്പെട്ടതാണെന്നതന്നെയാണ് ഗവണ്മെൻറ് വിചാരിക്കുന്നത്.

MR. P. T. CHACKO : കോട്ടയം-കുമിളി ലൈൻ വളരെ ദയാർദ്രമായുള്ള ഒരു പ്രധാനപ്പെട്ട ലൈനാണെന്ന ഗവണ്മെൻറിനറിയാമോ ?

HON'BLE MR. K. R. ELANKATH : അറിയാം.

MR. P. T. CHACKO : അവിടെ എക്സ്പ്രസ് സർവ്വീസെങ്കിലും തുടങ്ങണമെന്നുകാണിച്ച് നാട്ടുകാർ ഗവണ്മെൻറിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ഉണ്ട്.

MR P. T. CHACKO : അതനുസരിച്ച് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : നടപടികൾ എടുത്തുവരികയാണ്.

MR. PONNARA G. SREEDHAR : എക്സ്പ്രസ് സർവ്വീസ് ഇടുന്നിടത്തെല്ലാം നഷ്ടമായിട്ടല്ലേ വന്നിട്ടുള്ളത്?

HON'BLE MR. K. R. ELANKATH : അല്ല.

MR. PONNARA G. SREEDHAR : എക്സ്പ്രസ് സർവ്വീസ് ഇട്ടിട്ടുള്ള ഏതെങ്കിലും ലൈനിൽനിന്നു ലാഭം ഉണ്ടായിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : മിക്കവാറും എല്ലാ സ്ഥലങ്ങളിൽനിന്നും ഗവണ്മെൻറിനു ലാഭമുണ്ടായിട്ടുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ഇതു സംബന്ധിച്ചുചെയ്ത പ്രസ്താവനതന്നെയും എൻറെ അനുമാനത്തിൽ കളവാണെന്നു പറയേണ്ടതായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREEDHAR : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പ്രസ്താവിച്ചത് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള നിശ്ചിതമായ അറിവിനെ അടിസ്ഥാനപ്പെടുത്തിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. K. R. ELANKATH : ഞാൻ അതേപ്പറ്റി അന്വേഷിച്ചു. എനിക്കു ലഭിച്ച അറിവു എക്സ്പ്രസ് സർവ്വീസിൽ പ്രസ്തുത ലൈനിൽ നഷ്ടമുണ്ടായിട്ടില്ലെന്നാണ്.

MR. ABDUL RAZAAK : Is not the term "കള്ളം" used by the Hon'ble Minister unparliamentary, Sir ?

MR. PRESIDENT : അല്ല.

MR. K. N. SANKUNNI PILLAI (*Kottayan IV—General*) : ഇപ്പോൾ ട്രാൻസ്പോർട്ട് സർവീസുകൾ നടത്തുന്നതു് ഏതെങ്കിലും പ്രത്യേക ജാതിക്കാരുടെ ആനുകൂല്യം പരിഗണിച്ചാണോ, അതോ ചില മെമ്പർമാരെ തൃപ്തിപ്പെടുത്തുവാനും മറ്റു ചില മെമ്പറന്മാരുടെ വൈരാഗ്യത്തെ പുലർത്തുവാനും ജാതികൾ നോക്കിയും മറ്റുമാണോ ?

HON'BLE MR. K. R. ELANKATH : ഗവണ്മെൻറിനെ സംബന്ധിച്ചാണെങ്കിൽ ഇതൊന്നും നോക്കുന്നില്ല. യാതൊരു ജാതിയേയും നോക്കിയല്ല പ്രൈവറ്റു ബസ്സുകൾക്കു് ഇപ്പോൾ പെർമിറ്റു നൽകുന്നതും ട്രാൻസ്പോർട്ട് സർവ്വീസിനുള്ള റൂട്ടുകൾ നിശ്ചയിക്കുന്നതും. വിവിധ ജാതിയിൽപ്പെട്ട അപേക്ഷകരായ ബസ്സുടമസ്ഥന്മാർക്കും ബസ്സു റൂട്ടുകൾ അനുവദിച്ചിട്ടുണ്ടു്.

MR. P. T. CHACKO : ജാതിചിന്തകൊണ്ടാണോ ചില ലൈസൻസുകളിൽ എക്സ്പ്രസ്സ് സർവ്വീസുകൾ കൊടുക്കാതിരിക്കുന്നതു് ?

HON'BLE MR. K. R. ELANKATH : അല്ല. തീർച്ചയായും അല്ല.

MR. THARIATHU KUNJITHOMMAN (*Moovattupuzha II—General*) : കോതമംഗലം-ആലുവാ ലൈനിൽ ഗവണ്മെൻറു ബസ്സുകളും, പ്രൈവറ്റു ബസ്സുകളും ഓടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. K. R. ELANKATH : ആലുവാ—മൂന്നാർ സർവീസ് കോതമംഗലത്തുകൂടിയാണു് പോകുന്നതു്.

MR. THARIATHU KUNJITHOMMAN : ആലുവാ—മൂന്നാർ സർവ്വീസ് കോതമംഗലത്തുകൂടി പോകുന്നുണ്ടെങ്കിലും ബസ്സുകളിലെല്ലാം എപ്പോഴും ധാരാളം ആളുകൾ കയറി ഇരിക്കുന്നതുകൊണ്ടു് ആ ബസ്സുകൾ കോതമംഗലത്തു നിറുത്തുകയാകട്ടെ, അവിടെയുള്ള ആളുകളെ കയറ്റുകയാകട്ടെ ചെയ്യുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അതേപ്പറ്റി ഗവണ്മെൻറിന് അറിവില്ല.

MR. THARIATHU KUNJITHOMEN : ആലുവാ-കോതമംഗലം ലൈനിൽ പ്രത്യേകം ബസ്സുസർവീസ്സ് ഏർപ്പെടുത്തണമെന്നു കാണിച്ചു ഗവണ്മെൻറിൽ ഡെപ്യൂട്ടേഷൻ മുഖാന്തിരം നിവേദനം നടത്തിയതു സരിച്ചു ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : അതേപ്പറ്റി ഗവണ്മെൻറ് ആലോചിച്ചു വരികയാണ്.

MR. THARIATHU KUNJITHOMMEN : ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട കോടതിയും ജില്ലാക്കോടതിയും മറ്റു പ്രധാനപ്പെട്ട പബ്ലിക്കു സ്ഥാപനങ്ങളും ആലുവായിൽ ആയിരിക്കുന്ന നിലയ്ക്ക് കോതമംഗലത്തുനിന്നും ആലുവായ്ക്കു പ്രത്യേകം കരു സർവീസു ഉടനേതന്നെ അത്യാപേക്ഷിതമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : യാത്രാസൌകര്യം കുറവാണെങ്കിൽ അതു് പരിഹരിക്കേണ്ട മാർഗ്ഗത്തെപ്പറ്റി ഗവണ്മെൻറാലോചിക്കുന്നതാണ്.

Extension of Jurisdiction.

*289. MR. V. K. VARGHESE (*Pathanamthitta III—General*): Will the Hon'ble Minister for Judiciary be pleased to state:

Whether the Government or the High Court have received any representations regarding the extension of the Mavelikara District Court?

HON'BLE MR. A. J. JOHN : Yes, they are under the consideration of the High Court.

MR. V. K. VARGHESE : ഹരിപ്പാട്ടു മുൻസിഫുകോടതിയുടെ ജൂറിസ്ഡിക്ഷൻ മാവേലിക്കരയാക്കണമെന്നുള്ള നിർദ്ദേശം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : ഉണ്ട്.

MR. P. KUNJUKRISHNAN (*Quilon II—General*) : ഏതെല്ലാം ജില്ലാക്കോടതികളുടെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളാണു മാവേലിക്കര ജില്ലാക്കോടതിക്കു മാറണമെന്നു പറയുന്നതു്?

HON'BLE MR. A. J. JOHN : അതു പൊതുജനങ്ങൾ അയച്ചിട്ടുള്ള നിവേദനം നോക്കിയാലെ പറയാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly